**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 172** **07-10-2024 - ൽ മറുപടിയ്ക്ക്**

**പാലോട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 18.02.2021-ലെ ജി.ഒ. (എം.എസ്) നം. 51/2021/ ഹോം ഉത്തരവ് പ്രകാരം അനുമതി ലഭിച്ച വാമനപുരം മണ്ഡലത്തിലെ പാലോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | പാലോട് ആസ്ഥാനമായി പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിച്ച പാലോട് വില്ലേജിൽ സർവ്വേ നം.1460-ൽ ഉൾപ്പെട്ട 34.5 സെന്റ് സർക്കാർ വക തരിശ് ഭൂമിയിൽ വാമനപുരം എം.എൽ.എ. യുടെ ഫണ്ടിൽ നിന്നും അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഫയർ സ്റ്റേഷൻ പ്രവർത്തനത്തിന് അപര്യാപ്തമായതിനാൽ അത്യാവശ്യം വേണ്ട ഭൗതിക സൗകര്യങ്ങളോട്ടുകൂടിയ നിലയം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തിന്റെ ടോപ്പോഗ്രാഫിക്കൽ സർവ്വേ റിപ്പോർട്ടും വകുപ്പ് അംഗീകരിച്ച ബേസിക് പ്ലാനിന്റെ പകർപ്പും വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ സ്ഥലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടം പര്യാപ്തമല്ലെങ്കിൽ താൽക്കാലികമായി വാടക കെട്ടിടത്തിൽ പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പാലോട് നിലയത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ചിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ വാടക കെട്ടിടം ലഭ്യമാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് തസ്തിക സൃഷ്ടിക്കലുൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കുവാൻ കഴിയും. |
| (സി) | പാലോട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും തസ്തിക അനുവദിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | പിരിവ് (ബി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ